പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4107 21.07.2015 ൽ മറുപടിയ്ക്ക്

**കേരള കലാമണ്ഡലത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള ചെലവ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | കെ.സി.ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി |
| (എ) കേരള കലാമണ്ഡലത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ | (എ) കേരള കലാമണ്ഡലത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ ആകെ 15,35,,34,000 രൂപ ചെലവഴിച്ചിട്ടുണ്ട്<br>വർഷം പദ്ധതി തുക<br>2011-12 3,06,20,000<br>2012-13 3,51,74,000<br>2013-14 4,07,60,000<br>2014-15 4,69,80,000 |
| (ബി) കഴിഞ്ഞ നാല് വർഷത്തിനുള്ള ഇവിടെ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ? | (ബി) കഴിഞ്ഞ നാല് വർഷത്തിൽ കലാമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദമായ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം

# കേരള കലാമണ്ഡലം കല്പിത സർവകലാശാല

## വികസന പദ്ധതി റിപ്പോർട്ട് - 2011-2015

2011-2015 സാമ്പത്തിക വർഷങ്ങളിൽ കലാമണ്ഡലത്തിന്റെ സർവതോമുഖമായ പ്രവർത്തനങ്ങൾക്കുവേണ്ടി സർക്കാർ പദ്ധതി വിഹിതത്തിലും പദ്ധതിയേതര വിഹിതത്തിലുമായി കാര്യമായ സാമ്പത്തിക സഹായം അനുവദിച്ചിരുന്നു.

കഴിഞ്ഞ നാലുവർഷങ്ങൾക്കുള്ളിൽ കലാമണ്ഡലത്തിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അനധ്യാപകർക്കും സ്ഥാപനമായി ബന്ധപ്പെട്ട മറ്റുള്ളവർക്കും പ്രയോജനകരമായവിധത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾ കേരള കലാമണ്ഡലത്തിൽ നടത്തുകയുണ്ടായി. പട്ടിക താഴെ ചേർക്കുന്നു.

| | വികസന പദ്ധതികൾ | ചെലവ് |
|---|---|---|
| 1. | ദക്ഷിണേന്ത്യൻ രംഗകലാമ്യൂസിയം കെട്ടിടനിർമ്മാണം പൂർത്തീകരിച്ചു. | 12,40,00,000 |
| 2. | ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം പൂർത്തീകരിച്ചു | 1,62,30,000 |
| 3. | പുതിയ കളരി കെട്ടിടങ്ങൾ (6 എണ്ണം) പൂർത്തീകരിച്ചു | 3,00,00,000 |
| 4. | സ്റ്റാഫ് ക്വാർട്ടേഴ്സ് നവീകരണം | 26,66,000 |
| 5. | ലൈബ്രറി കെട്ടിടം | 79,24,000 |
| 6. | ഓഫീസ് കാര്യാലയം പുതുക്കിപ്പണിയൽ | 18,40,000 |
| 7. | പെൺകുട്ടികളുടെ ഹോസ്റ്റൽ നവീകരണം | 44,75,000 |
| 8. | നിളാക്യാമ്പസ് നവീകരണം | 30,00,000 |
| 9. | ചുറ്റുമതിൽ നിർമ്മാണം | 7,45,000 |
| | ആകെ | 19,08,80,000 |

2007 ൽ കല്പിത സർവകലാശാലയായി അംഗീകാരം ലഭിച്ചെങ്കിലും കേരള കലാമണ്ഡലത്തിന് യു.ജി.സി.യുടെ 12-ബി സ്റ്റാറ്റസ് പല കാരണങ്ങളാലും ലഭ്യമായിരുന്നില്ല. ഇത് സംബന്ധിച്ച് വൈസ് ചാൻസലർ അടിയന്തിര നടപടികൾ സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ യു.ജി.സി. നിയോഗിച്ച വിദഗ്ധ സമിതി കലാമണ്ഡലത്തിലെത്തി വിശദമായ വിലയിരുത്തലുകൾ നടത്തുകയും തുടർന്ന് 12-ബി സ്റ്റാറ്റസ് അനുവദിക്കുകയും ചെയ്തു.

സർക്കാർ അംഗീകരിച്ച മുറയ്ക്ക് അർഹരായ അദ്ധ്യാപകർക്ക് യു.ജി.സി. നിരക്കിൽ ശമ്പളം ലഭ്യമാക്കുകയും യൂണിവേഴ്സിറ്റി പാറ്റേണിലേക്ക് അനദ്ധ്യാപക ജീവനക്കാരുടെ തസ്തികകൾ പരിഷ്ക്കരിക്കുകയും ചെയ്തു.

കേരള കലാമണ്ഡലത്തിന്റെ ബഹുമുഖങ്ങളായ പ്രവർത്തനങ്ങളെയും വ്യാപകമായ അംഗീകാരത്തെയും മുൻനിർത്തി കേന്ദ്ര സർക്കാർ നാഷണൽ നോഡൽ ഏജൻസിയായി സ്ഥാപ

നത്തെ അംഗീകരിക്കുകയും ഇന്ത്യയിലെ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിനിമയ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും കലാമണ്ഡലത്തെ ചുമതലപ്പെടുത്തുകയും ചെയ്തു.

ചെറുതുരുത്തിയിലും വള്ളത്തോൾ നഗറിലുമുള്ള രണ്ട് ക്യാമ്പസ്സുകളിൽ ഏറ്റവുമധികം ഭൗതിക വികസന പ്രവർത്തനങ്ങൾ നടന്നത് ഈ സർക്കാരിന്റെ കാലയളവിലാണ്. വിവിധ സാമ്പത്തിക വർഷങ്ങളിലായി കോടിക്കണക്കിന് രൂപ സർക്കാർ പദ്ധതി വിഹിതമായി കലാമണ്ഡലത്തിന് അനുവദിക്കുകയും പ്രസ്തുത സംഖ്യ പല വികസനപരിപാടികൾക്കു മായി ചെലവഴിക്കുകയും ചെയ്തു. മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ് ശിലാ സ്ഥാപനകർമ്മം നിർവഹിച്ച ദക്ഷിണേന്ത്യൻ രംഗകലാമ്യൂസിയത്തിന്റെ കെട്ടിടം പണി പൂർത്തിയായിക്കഴിഞ്ഞു. കൂടാതെ രണ്ട് ക്യാമ്പസ്സുകളിലുമായി കലാപഠനത്തിന് പുതിയ കളരികൾ, ആൺകുട്ടികൾക്കുള്ള പുതിയ ഹോസ്റ്റൽ, ജീർണ്ണാവസ്ഥയിലായിരുന്ന നിര വധി സ്റ്റാഫ് ക്വാർട്ടേഴ്സുകളുടെ നവീകരണം, പുതിയ ലൈബ്രറി കെട്ടിടം, കോമ്പൗണ്ട്വാളുകളുടെ പുനർനിർമ്മാണം, ഭരണവിഭാഗം കെട്ടിടത്തിന്റെ നവീകരണം, നിള ക്യാമ്പസ്സിലെ പോർട്രെയ്റ്റ് ഗാലറിയുടെ നവീകരണം എന്നിവ മുഖ്യവികസനപ്ര വർത്തനങ്ങളിൽപ്പെടുന്നു. മേൽ കാണിച്ച പട്ടികയിൽ ഓരോ വികസനപ്രവർത്തനത്തിനും ചെലവായ തുക രേഖപ്പെടുത്തിയിട്ടുണ്ട്.

കഥകളി, കൂടിയാട്ടം, മോഹിനിയാട്ടം എന്നീ മൂന്നു വിഷയങ്ങളിലാണ് ബിരുദാനന്തര ബിരുദ പഠന സൗകര്യം ആദ്യം ഏർപ്പെടുത്തിയത്. ഇവ കൂടാതെ കർണാടക സംഗീതം, ചെണ്ട, മൃദംഗം എന്നീ വിഷയങ്ങളിൽകൂടി ബിരുദാനന്തര ബിരുദ പഠനം ഏർപ്പെടുത്തി യത് വാസനാശാലികളായ യുവകലാരന്മാർക്കും കലാകാരികൾക്കും സഹായകമായി.

കലാമണ്ഡലത്തിലെ അക്കാദമിക് വിഷയങ്ങളുടെ പഠനങ്ങളെ മുൻനിർത്തി നൃത്തം, നാട്യം, സംഗീതം എന്നിവയിലെ പ്രഗല്ഭരായ ആചാര്യന്മാരെയും പണ്ഡിതന്മാരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള അനവധി സിംപോസിയങ്ങൾ, ശിൽപശാലകൾ, വിദ്യാർത്ഥിക ളുടെ അരങ്ങ് പരീക്ഷണങ്ങൾ എന്നിവ സ്ഥാപനത്തിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥി കൾക്കും ഒരുപോലെ പ്രയോജനം ചെയ്തിട്ടുണ്ട്.

പാരമ്പര്യകലകളുടെ ആസ്വാദനം വ്യാപകവും സാർത്ഥകവുമാക്കുന്നതിന് കലാസ്വാദന പഠനക്കളരികൾ നാല് ജില്ലകളിൽ അഞ്ച് സെന്ററുകളിലായി ആരംഭിച്ചു. കഥകളി, കർണാ ടക സംഗീതം, ചെണ്ട എന്നീ വിഷയങ്ങളിലാണ് പ്രഗത്ഭരായ അധ്യാപകർ വിദ്യാർത്ഥി കൾക്ക് പരിശീലനം നൽകിവരുന്നത്. കലാമണ്ഡലത്തിൽ നിന്ന് വർഷങ്ങളായി പഠിച്ച് പുറത്തിറങ്ങിയ തൊഴിൽ രഹിതരായ ഏതാനും കലാകാരന്മാർക്ക് ഈയൊരു പദ്ധതി പല നിലയ്ക്കും ആശ്വാസകരമാണ്. കൂടാതെ ശൈലീകൃത കലകളുടെ ഭാഷ വിദ്യാർത്ഥി കളെ പരിചയപ്പെടുത്തി അവർക്ക് കലാസ്വാദന പരിജ്ഞാനം സിദ്ധിക്കുന്നതിനും ഈ സംരംഭം വളരെ സഹായിക്കുന്നു.